13084
14/6/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .വി.ആർ. സുനിൽകുമാർ എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1836/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 02.06.2017.

---

പരാമർശം :- (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.
(2) ശ്രീ.വി.ആർ.സുനിൽകുമാർ എം.എൽ.എ.യുടെ 30.04.2017 ലെ കത്ത്.
(3) കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറിയുടെ 25.03.2017 ലെ പി.ഡബ്ല്യു.1-3000/17 നമ്പർ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.ആർ.സുനിൽകുമാർ എം.എൽ.എ., "കൊടുങ്ങല്ലൂരിലെ മുനിസിപ്പൽ പാർക്ക്", "വാർഡ് 31- ലെ കാന പുനരുദ്ധാരണം" എന്നീ പ്രവൃത്തികൾക്ക് അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊടുങ്ങലൂർ അസംബ്ലി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.ആർ.സുനിൽകുമാർ എം.എൽ.എ യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1744 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി - വാർഡ് 31 ലെ കാന പുന:നിർമ്മാണം (21.4 ലക്ഷം), പ്രോജക്റ്റ് ഐ.ഡി.1756 കൊടുങ്ങലൂർ മുനിസിപാലിറ്റി. പാർക്ക് (25 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് ആകെ അടങ്കൽ തുകയായ 46.4 ലക്ഷം രൂപ (നാല്പത്തിയാറു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് "4515-00-800-96" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.വി.ആർ.സുനിൽകുമാർ എം.എൽ.എ., കൊടുങ്ങല്ലൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (1085866(1)/NC-C3/2016/Fin)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ